ഉത്തരം

(എ) 2014-ലെ ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സർക്കാർ 100,49,96,723 (നൂറുകോടി നാൽപ്പത്തിയൊമ്പത് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി എഴുനൂറ്റി ഇരുപത്തിമൂന്നു രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി-ഡി) വിശദാംശം അനുബന്ധം 1,2,3 ആയി ചേർത്തിരിക്കുന്നു.*

ദുരിതബാധിതരുടെ കടം എഴുതിത്തള്ളുന്നതിന്

53 (58) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ കടം എഴുതിത്തള്ളുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി എത്ര തുക വേണമെന്നാണ് ജില്ലാ ഭരണകൂടം ആവശ്യപ്പെട്ടിട്ടുള്ളത് ;

(സി) ഇതിനായി എത്ര രൂപ ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്, വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ കടം എഴുതിത്തള്ളുന്ന വിഷയം പഠിക്കുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായ സമിതി സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ആയത് പരിശോധിച്ച് ദുരിതബാധിതരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനായി മാനദണ്ഡങ്ങൾ ബാധകമാക്കി സ.ഉ. (എംഎസ്.)നമ്പർ 298/14/ആ.ക.വ. തീയതി 10-10-2014 പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) ദുരിത ബാധിതരുടെ കടബാധ്യതകൾ എഴുതിത്തള്ളുന്നതിനായി ആദ്യഘട്ടമായി 50,000 രൂപ വരെയുള്ള കടബാധ്യതകൾക്കായി 1,51,25,735 രൂപയും 2-ാം ഘട്ടമായി 2 ലക്ഷം രൂപ വരെയുള്ള കടബാധ്യതകൾക്കായി 3,51,01,843 രൂപയും മൂന്നാം ഘട്ടമായി 3 ലക്ഷം വരെയുള്ള കടബാധ്യതകൾക്കായി 5,88,49,070 രൂപയും ഉൾപ്പെടെ ആകെ 10,90,76,648 രൂപ പിൻവലിക്കുന്നതിനും വകമാറ്റി ചെലവഴിക്കുന്നതിനും അനുമതിതരണമെന്ന് കാസർഗോഡ് ജില്ലാകളക്ടർ ആവശ്യപ്പെടുകയും ആയത് സർക്കാർ പരിശോധിച്ചുവരികയും ചെയ്യുന്നു.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly